ട്രാൻസ്പോർട്ട്
കമ്മീഷണറേറ്റ്
തിരുവനന്തപുരം

നമ്പർ. ജി1/15764/റ്റിസി/2015

ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ്, കേരളം,

രണ്ടാം നില, ട്രാൻസ് ടവേഴ്സ്, വഴുതക്കാട്, തൈക്കാട് പി.ഒ തിരുവനന്തപുരം - 14,
[☎0471-2333337/2333317 ഫാക്സ് 0471-2333314]
www.mvd.kerala.gov.in [ഇ-മെയിൽ - tcoffice@keralamvd.gov.in ]

തീയ്യതി, 26.10.2015

പ്രേഷകൻ,

ട്രാൻസ്പോർട്ട് കമ്മീഷണർ,
തിരുവനന്തപുരം.

സ്വീകർത്താവ് ,

എല്ലാ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർമാർക്കും
എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും
എല്ലാ ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും

സർ,

വിഷയം :- ***മോട്ടോർ വാഹന വകുപ്പ്***— പി. എസ്.സി വഴി നിയമിതരാകുന്ന അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾസ് ഇൻസ്പെക്ടർമാരുടെ പ്രവർത്തി പരിചയ സർട്ടിഫിക്കറ്റിന്റെ വിശ്വാസ്യത പരിശോധിക്കുന്നത് — നിർദ്ദേശം നൽകുന്നത് — സംബന്ധിച്ച്

സൂചന :- 13.07.2015 തീയതിയായുള്ള ഡയറക്ടർ വിജിലൻസ് ആന്റ് ആന്റി കറപ്ക്ഷൻ ബ്യൂറോ, തിരുവനന്തപുരത്തിന്റെ കത്ത് നമ്പർ എഫ് 17- 22820/15.

സൂചനയിലേയ്ക്ക് ശ്രദ്ധ ക്ഷണിക്കുന്നു. അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾസ് ഇൻസ്പെക്ടർ തസ്തികയിലേയ്ക്കുള്ള പ്രവേശനത്തിനായി ചില ഉദ്യോഗാർത്ഥികൾ കേരളത്തിലെ ഗവൺമെന്റ് വർക്ക് ഷോപ്പുകളിൽ നിന്നും വ്യാജ പ്രവൃത്തി പരിചയ സർട്ടിഫിക്കറ്റ് സമർപ്പിക്കുന്നതിനായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ സാഹചര്യത്തിൽ പ്രസ്തുത തസ്തികയിലേയ്ക്ക് നിയമനം ലഭിക്കുന്ന ഉദ്യോഗാർത്ഥികളുടെ പ്രവർത്തി പരിചയ സർട്ടിഫിക്കറ്റ്, നിയമനം ലഭിച്ച ഓഫീസിലെ മേലധികാരി നേരിട്ടോ അല്ലെങ്കിൽ പ്രസ്തുത സ്ഥാപനം ഉൾപ്പെടുന്ന ആർ ടി ഓഫീസിന്റെ പരിധിയിലുള്ള മേലധികാരി മുഖേനയോ ജോലിയിൽ പ്രവേശിച്ച് ഒരു മാസത്തിനുള്ളിൽ സർട്ടിഫിക്കറ്റിന്റെ വിശ്വാസ്യത പരിശോധിക്കേണ്ടതും ആയതു സംബന്ധിച്ച റിപ്പോർട്ട് സമയബന്ധിതമായി സമർപ്പിക്കേണ്ടതാണെന്നു നിർദ്ദേശിച്ചുകൊള്ളുന്നു.

വിശ്വസ്തതയോടെ,
ഒപ്പ്
സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ
ട്രാൻസ്പോർട്ട് കമ്മീഷണർക്ക് വേണ്ടി

അംഗീകാരത്തോടെ
സീനിയർ സൂപ്രണ്ട്.
27/10/15

മോട്ടോർ വാഹന വകുപ്പ്, കേരള